# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 143 28.05.2019 ൽ മറുപടിക്കുണ്ടായിരുന്നത്

## രാഷ്ട്രീയ കൊലപാതകങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആക്രമണങ്ങൾക്ക് പകരം നടത്തുന്ന പ്രത്യാക്രമണങ്ങൾക്ക് പാർട്ടി പിൻതുണയില്ലെന്ന രീതിയിൽ സി.പി.എം. സംസ്ഥാന സെക്രട്ടറി പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) സംഘർഷമോ അക്രമമോ നടത്തരുതെന്നും അത്തരം അക്രമങ്ങൾ വഴി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം അക്രമം നടത്തുന്നവർ തന്നെ കണ്ടെത്തണമെന്നുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവന സംസ്ഥാനത്തെ ക്രമസമാധാന തകർച്ച പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ടോ;<br>(സി) മുമ്പ് നടന്ന കൊലപാതകങ്ങളിൽ പ്രതികളായവർക്ക് പാർട്ടി തലത്തിൽ നൽകിയെന്ന് പറയപ്പെടുന്ന പിന്തുണ ഇത്തരം കൊലപാതകങ്ങൾ നടത്തുന്നവർക്ക് പ്രോത്സാഹനമായതായി കണ്ടെത്തിയിട്ടുണ്ടോ; | (എ), (ബി), & (സി) അക്രമങ്ങൾക്കെതിരെ രാഷ്ട്രീയ പാർട്ടികൾ എടുക്കുന്ന നിലപാട് സ്വാഗതാർഹമാണ്. ഇതിനു സഹായമാകുന്ന എല്ലാ നിലപാടുകളും സംസ്ഥാനത്തെ സമാധാനപരമായ ജനജീവിതത്തെ കൂടുതൽ മുന്നോട്ടുകൊണ്ടു പോകുന്നതിന് സഹായകമാണ്. |
| (ഡി) എങ്കിൽ രാഷ്ട്രീയ കൊലപാതക കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന പ്രതികൾക്ക് പ്രത്യേക പരിഗണന നൽകി പരോൾ അനുവദിക്കുന്നതായി പറയപ്പെടുന്ന നടപടിയിൽ നിന്നും പിൻതിരിയുന്നതിനും മറ്റ് തടവുകാർക്ക് ലഭിക്കുന്ന പരിഗണന മാത്രമേ രാഷ്ട്രീയ കൊലപാതക കേസിലെ പ്രതികൾക്കും ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) രാഷ്ട്രീയ തടവുകാരായി ജയിലിൽ കഴിയുന്നവർക്ക് നിയമം അനുശാസിക്കുന്ന വിധത്തിൽ മറ്റ് തടവുകാർക്ക് ലഭിക്കുന്ന ആനുകൂല്യം അല്ലാതെ മറ്റ് യാതൊരുവിധ പരിഗണനയും സർക്കാർ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ